**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: G1-27995/2022/PrHQ ; തീയതി : 19-12-2022

07.11.2022 തീയതിയിലെ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (എ ആർ 13) വകുപ്പിന്റെ 172/എ ആർ 13(2)/22/ഉഭപവ നമ്പർ സർക്കുലർ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിനോദ് കുമാർ എം കെ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **1.ഡി ഐ ജി ഓഫ് പ്രിസൺസ്**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

2.എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

3.ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര
(എ.ആർ- 13) വകുപ്പ്,

172/എ.ആർ13(2)/22/ഉഭപവ

07-11-2022,തിരുവനന്തപുരം

സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- അപേക്ഷ ഫോറങ്ങൾ ലിംഗ നിഷ്പക്ഷത (gender neutral) യുള്ളതാക്കുന്നത്- പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന അപേക്ഷാഫോമുകൾ ലിംഗ നിഷ്പക്ഷത (gender neutral) യുള്ളതാക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ- ഉൾക്കൊള്ളിച്ചുകൊണ്ട് പരിഷ്കരിക്കുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിർദ്ദേശം നൽകുന്നു.

1. എല്ലാ അപേക്ഷ ഫോറങ്ങളിലും 'wife of (ന്റെ/ യുടെ ഭാര്യ)' എന്ന് രേഖപ്പെടുത്തുന്നതിനു പകരം 'spouse of (ന്റെ/ യുടെ ജീവിത പങ്കാളി )' എന്ന് രേഖപ്പെടുത്തേണ്ടതാണ്.
2. അപേക്ഷ ഫോറങ്ങളിൽ രക്ഷാകർത്താക്കളുടെ വിശദാംശങ്ങൾ ആവശ്യമായി വരുന്ന സന്ദർ ഭങ്ങളിൽ ഏതെങ്കിലും ഒരു രക്ഷാകർത്താവിന്റെ മാത്രമായോ രണ്ട് രക്ഷാകർത്താക്കളുടെയും വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ഓപ്ഷൻ അനുവദിക്കേണ്ടതാണ്.
3. 'അവൻ/അവന്റെ' എന്ന് മാത്രം ഉപയോഗിക്കുന്നതിനു പകരം 'അവൻ/അവൾ,' 'അവന്റെ/അവളുടെ' എന്ന രീതിയിൽ ഉപയോഗിക്കുന്നതിനായി നിയമങ്ങൾ, വിവിധ ചട്ടങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങൾ, ഫോമുകൾ എന്നിവ പരിഷ്കരിക്കേണ്ടതാണ്.

DR ASHA THOMAS I A S
ADDITIONAL CHIEF SECRETARY

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ
സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും/ ജില്ലാകളക്ടർമാർക്കും/ഓഫീസ് തലവൻമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ (അച്ചടി ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന് )
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ